**<u>15 -ാം കേരള നിയമസഭ</u>**

**<u>2 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5547</u>** **<u>13-08-2021 - ൽ മറുപടിയ്ക്ക്</u>**

**<u>സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. എ. രാജ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിൽ വനം വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനത്തിന്റെ ഭാഗമായി സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് റീബിൽഡ് കേരള ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി വനം വകുപ്പിനുകീഴിൽ നടത്തി വരുന്ന പദ്ധതികളിൽ വനത്തിനകത്തുള്ള ആദിവാസി ഇതര സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസവും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പുനരധിവാസത്തിന് സന്നദ്ധമാകുന്ന ആദിവാസി ഇതര കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | റീബിൽഡ് കേരള ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ കീഴിലുള്ള ആദിവാസി ഇതര വിഭാഗങ്ങളുടെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം ഒരു അർഹമായ കുടുംബത്തിന് 15 ലക്ഷം രൂപ എന്ന നിരക്കിൽ നൽകി നാലു വനം ഡിവിഷനുകളിലെ 22 സെറ്റിൽമെന്റുകളിലായി 677 ആദിവാസി ഇതര കുടുംബങ്ങളെ വനത്തിന് പുറത്തേക്ക് മാറ്റി പാർപ്പിക്കുന്നതിനാണ് ലക്ഷ്യമാക്കുന്നത്. ഈയിനത്തിൽ ആകെ 291.96 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത് |
| (സി) | ഇതിനായി തെരഞ്ഞെടുക്കപ്പെട്ട ഡിവിഷനുകളും സെറ്റിൽമെന്റുകളും ഏതെല്ലാമാണെന്ന വിവരം അറിയിക്കാമോ; | (സി) | റീബിൽഡ് കേരള ഡെവലപ്പ്മെന്റ് പ്രോഗ്രാമിലെ വനത്തിനകത്തുള്ള സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസം എന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഡിവിഷനുകളുടെയും സെറ്റിൽമെന്റുകളുടെയും പട്ടിക അനുബന്ധം - 1 ആയി ചേർക്കുന്നു. |
| (ഡി) | ഇവയിൽ ഇതുവരെ അംഗീകാരം നൽകിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ? | (ഡി) | റീബിൽഡ് കേരള ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ടു രൂപീകരിച്ചിട്ടുള്ള സംസ്ഥാന ലെവൽ എംപവേഡ് കമ്മറ്റി (SLEC) 78 അർഹതപ്പെട്ട കുടുംബങ്ങളുടെ (ശെന്തുരുണി വൈൽഡ് ലൈഫ് ഡിവിഷനിലെ കട്ടിളപ്പാറ സെറ്റിൽമെന്റിലെ 57 അർഹതപ്പെട്ട കുടുംബങ്ങൾക്കും, കാസർഗോഡ് ഡിവിഷനുകീഴിൽ വരുന്ന അട്ടൂർ മുചാംതുള്ളി സെറ്റിൽമെൻറിലെ 14 |

| | | | |
|---|---|---|---|
| | | | അർഹതപ്പെട്ട കുടുംബങ്ങൾക്കും, ഒറ്റമല സെറ്റിൽമെന്റിലെ 7 അർഹതപ്പെട്ട കുടുംബങ്ങൾക്കും,) പുനരധിവാസത്തിന് അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോജക്റ്റ്

## പ്രോജക്റ്റ്-1 : സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസം

| ക്രമ നമ്പർ | ഡിവിഷൻ | സെറ്റിൽമെന്റുകളുടെ പേര് | ആകെ വിസ്തീർണ്ണം (ഹെക്ടർ) | ആകെ കുടുംബങ്ങളുടെ എണ്ണം | അർഹതപ്പെട്ട കുടുംബങ്ങളുടെ എണ്ണം | ആവശ്യമായ ആകെ തുക (രൂപ ലക്ഷത്തിൽ) | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| എ | സംരക്ഷിത മേഖല | | | | | | |
| 1 | ചെന്തുരുണി വൈൽഡ്‌ലൈഫ് | റോസ്മല | 99.15 | 204 | 344 | 5160.00 | സെറ്റിൽമെന്റിന്റെ ആകെ വിസ്തീർണ്ണം 99.15 ഹെക്ടറും, പുനരധിവാസത്തിനു സ്വയം സന്നദ്ധരായ 344 അർഹതപ്പെട്ട കുടുംബങ്ങൾ (99.15 ഹെക്ടറിന്റെ ആനുപാതികം) |
| | | കട്ടിലപ്പാറ | 11.60 | 33 | 54 | 810.00 | |
| | | ആകെ | 110.75 | 237 | 398 | 5970.00 | |
| ബി | സംരക്ഷിത മേഖലയ്ക്ക് പുറത്ത് | | | | | | |
| 2 | മറയൂർ | പുതുവെട്ട് | 5.30 | 15 | 23 | 345.00 | |
| | | എടക്കാട് എസ്.സി. കോളനി | 11.40 | 17 | 26 | 390.00 | |
| | | എടക്കാട് കോളനി | 1.86 | 21 | 32 | 480.00 | |
| | | കരടിചിന്നപാറ | 45.66 | 12 | 18 | 270.00 | |
| | | പുനവയൽ | 13.09 | 20 | 30 | 450.00 | |
| | | കുണ്ടക്കടവ് | 1.41 | 7 | 11 | 165.00 | |
| | | ആകെ | 78.72 | 92 | 140 | 2100.00 | |
| 3 | നോർത്ത് വയനാട് | പഞ്ചാരകൊല്ലി | 0.81 | 1 | 2 | 30.00 | |
| | | മണിയൻകുന്ന് | 1.37 | 1 | 2 | 30.00 | |
| | | കല്ലിയോട്ട്കുന്ന് | 1.21 | 1 | 2 | 30.00 | |
| | | കല്ലിയോട്ട്കുന്ന് | 0.81 | 1 | 2 | 30.00 | |
| | | സി.ആർ.പി. കുന്ന് | 6.86 | 47 | 70 | 1050.00 | |
| | | മുറിയണ്ടം | 0.81 | 1 | 2 | 30.00 | |
| | | ആകെ | 11.87 | 52 | 80 | 1200.00 | |
| 4 | കാസർഗോഡ് | കണേരി | 2.25 | 1 | 2 | 30.00 | |
| | | കാരടുക്ക, കൊറ്റം കുഴി | 0.30 | 3 | 5 | 75.00 | |
| | | അടൂർ മുച്ചാം തുള്ളി | 1.10 | 2 | 3 | 45.00 | |
| | | ഒറ്റമല | 1.25 | 4 | 6 | 90.00 | |
| | | തുമ്പടുക്ക | 2.00 | 4 | 6 | 90.00 | |
| | | കമ്പല്ലൂർ | 5.00 | 16 | 24 | 360.00 | |
| | | വല്ലക്കോട് | 2.70 | 3 | 5 | 75.00 | |
| | | ബലവന്തടുക്ക | 2.43 | 5 | 8 | 120.00 | |
| | | ആകെ | 17.03 | 38 | 59 | 885.00 | |

**സംഗ്രഹം**

## വനത്തിനകത്തുള്ള സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസം

| ക്രമ നമ്പർ | ഡിവിഷൻ | ആകെ വിസ്തീർണ്ണം (ഹെക്ടർ) | ആകെ കുടുംബങ്ങളുടെ എണ്ണം | അർഹതപ്പെട്ട കുടുംബങ്ങളുടെ എണ്ണം | ആവശ്യമായ ആകെ തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|---|---|
| എ | സംരക്ഷിത മേഖല | | | | |
| | ശെന്തുരുണി | 110.75 | 237 | 398 | 5970.00 |
| ബി | സംരക്ഷിത മേഖലയ്ക്ക് പുറത്ത് | | | | |
| | മറയൂർ | 78.72 | 92 | 140 | 2100.00 |
| | നോർത്ത് വയനാട് | 11.87 | 52 | 80 | 1200.00 |
| | കാസർഗോഡ് | 17.03 | 38 | 59 | 885.00 |
| | **ആകെ** | **218.37** | **419** | **677** | **10155.00** |
| | പുനഃസ്ഥാപന ചെലവ് (2.00 ലക്ഷം രൂപ/ ഹെക്ടർ) | | | | 436.76 |
| | **ആകെ** | **218.37** | **419** | **677** | **10591.76** |